Deivarajyam August 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/8/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. Clara


Transfiguration of Christ


St. Maximillian Kolbe


St. Pius X


St. Euphrasia


St. Augustine

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ആഗസ്റ്റ് 2018 വാല്യം 57 ലക്കം 8

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ






# ആദരാഞ്ജലികൾ



## റവ. ഫാ. ഇമ്മാനുവൽ കുര്യനാൽ (81)

| | | |
|---|---|---|
| ഇടവക | : | പുറപ്പുഴ |
| ജനനം | : | 05.08.1937 |
| തിരുപ്പട്ടം | : | 17.12.1962 |
| മരണം | : | 12.07.2018 |
| മൃതസംസ്കാരം | : | 14.07.2018 |

**സേവനരംഗങ്ങൾ**

അസ്തേന്തി - ആരക്കുഴ

**വികാരി** - നടുക്കര, പെരുമ്പല്ലൂർ, നേര്യമംഗലം, വാഴക്കുളം, കലൂർ, കരിമണ്ണൂർ, അംബികാപുരം, മാറിക, കലയന്താനി, നെയ്യശ്ശേരി, ആയവന, തൊടുപുഴ ഈസ്റ്റ്, ഏഴല്ലൂർ, രണ്ടാർ

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ആഗസ്റ്റ് 2018
ലക്കം 8

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 തടവറപ്രേഷിതദിനം – സർക്കുലർ
11 നീതി ഞായർ – സർക്കുലർ
13 രൂപതക്കച്ചേരി
15 മൈനർ സെമിനാരി
15 വിജ്ഞാനഭവൻ
18 വിദ്യാഭ്യാസം
19 സോഷ്യൽ സർവീസ്
20 തിരുബാലസഖ്യം
20 ചെറുപുഷ്പ മിഷൻലീഗ്
21 കെ. സി. എസ്. എൽ.
22 ഫാമിലി അപ്പോസ്തലേറ്റ്
24 മാതൃവേദി
25 ഡി. എഫ്. സി.
26 യുവദീപ്തി
26 ജീസസ് യൂത്ത്
27 ഡി. സി. എം. എസ്.
27 എ. കെ. സി. സി.
28 കേരള ലേബർ മൂവ്മെന്റ്
29 അല്മായഫ്രാൻസിസ്കൻ സഭ
29 ഇൻഫാം
30 പ്രാർത്ഥനാഗ്രൂപ്പ്
31 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
32 നെസ്റ്റ് പ്രോഗ്രാം
32 തിരുനാൾ മംഗളങ്ങൾ
32 രൂപതാദ്ധ്യക്ഷന്റെ ഡയറി
36 Bishop's Engagements
37 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
37 നിര്യാതരായി



## ഓർമ്മിക്കാൻ

### ആഗസ്റ്റ്

| | | |
|---|---|---|
| 1-3 | - | Pre Marriage Course |
| 04 | - | തിയോളജി കോഴ്സ് ആരംഭിക്കുന്നു |
| 12 | - | തടവറ പ്രേഷിതദിനം |
| 13 | - | Presbyteral Council |
| 14 | - | Sacristine's Meet |
| 15 - 17 | - | Pre Marriage Course |
| 19 | - | നീതി ഞായർ |
| 20 -31 | - | സീറോ മലബാർ സഭാസിനഡ് സമ്മേളനം |
| 23 - 26 | - | ജീസസ് യൂത്ത് കേരള കോൺഫറൻസ് |

## തിരുനാളുകൾ

| | | |
|---|---|---|
| 01 | - | അൽഫോൻസ് ലിഗോരി |
| 04 | - | ജോൺ മരിയ വിയാനി |
| 06 | - | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 11 | - | വി. ക്ലാര |
| 14 | - | വി. മാക്സ്മില്യൻ കോൾബേ |
| 15 | - | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| 21 | - | വി. പത്താം പീയൂസ് മാർപാപ്പ |
| 24 | - | വി. ബർത്തലോമിയോ ശ്ലീഹാ |
| 28 | - | വി. അഗസ്റ്റിൻ |
| 29 | - | വി. എവുപ്രാസ്യ |

Ref: 3115/K-5/KCBC/OL/DS 20.7.2018

# 2018 ആഗസ്റ്റ് 12 ഞായർ തടവറ പ്രേഷിതദിനം

## കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറപ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12- ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിത ദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരിയിൽ ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിതാജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി: "നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം





നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം, അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുള്ള അവസരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസവും നൽകാൻ എന്നെ അയച്ചിരിക്കുന്നു"(ഏശ. 61 : 1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗി കൾക്കാണ് വൈദ്യനെ ആവശ്യം. ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്"(ലൂക്ക. 5: 31-32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ഇതാണ് : സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ (Gaudete et Exsultate No. 98 ) ക്രൈസ്തവ വിശുദ്ധിയിലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, "തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ, എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കുത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ, അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ





മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിഛായയെ, യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ സഹോദരിയെ കണ്ട് എനിക്ക് വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി പ്രത്യു ത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരിക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ളവരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസിലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും

കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവർത്തിക്കുന്നത്. തടവറയിൽനിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശു സാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200-ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളന്റെയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ





ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,
ജീസസ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

---

2018 ആഗസ്റ്റ് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3113/K-5/KCBC/OL/DS 13.7.2018

## ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2018

## ആഗസ്റ്റ് 19, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന

### സർക്കുലർ

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദലിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരത കത്തോലിക്കാമെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതി ഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യ രാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദലിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്വപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻസമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദലിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദലിത് ശക്തീകരണനയം ഭാരതത്തിലെ ദലിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദലിത് ശക്തീകരണ നയപരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ





സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദലിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ. സന്യാസസമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദലിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദലിത് ശക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദലിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**വൈസ് ചെയർമാൻ,
കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

*C. 60 /2018* **ദുരിതാശ്വാസം**

ഒരു മാസമായി തുടരുന്ന മഴ കേരളത്തിലെമ്പാടും ദുരിതം വിതച്ചിരിക്കുകയാണല്ലോ. താഴ്ന്ന പ്രദേശങ്ങളെല്ലാം പ്രത്യേകിച്ച്, കുട്ടനാട്, പ്രളയ കെടുതിയുടെ ഭീകരത അനുഭവിച്ചുകൊണ്ടിരിക്കുന്നു. വീടും വീട്ടുസാമഗ്രികളും വളർത്തുമൃഗങ്ങളും കൃഷിയിടങ്ങളും റോഡുസൗകര്യങ്ങളും നഷ്ടപ്പെട്ട പതിനായിരങ്ങൾ സഹായം അർഹിക്കുന്നവരായി നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ രൂപതയ്ക്കുള്ളിലും മണികണ്ഠംചാൽ പോലുള്ള പ്രളയബാധിതസ്ഥലങ്ങളുണ്ട്. ഈ പ്രളയത്തിന്റെ ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകാൻ നാടു മുഴുവൻ ഉണരുകയാണ്. സാധിക്കുന്ന സഹായം നല്കാൻ നാം എല്ലാവരും കടപ്പെട്ടവരാണ്. ഇതിനകം സഹായം സമാഹരിച്ചു നൽകിയവരെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. ദുരിതാശ്വാസത്തിനായി കോതമംഗലം രൂപത ഒന്നു ചേരുകയാണ്. ആഗസ്റ്റ് മാസം 5-ാം തീയതി, ഞായറാഴ്ചത്തെ പിരിവ് ദുരിതാശ്വാസത്തിനു വേണ്ടിയായിരിക്കും. ആത്മാർത്ഥമായി സഹകരിക്കുമല്ലോ. സമാഹരിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

*Bishop*

*C. 61 /2018* **അജപാലന സന്ദർശനം**

| | | |
|---|---|---|
| വേട്ടാമ്പാറ | - | ആഗസ്റ്റ് 5 |
| പുലിയൻപാറ | - | ആഗസ്റ്റ് 12 |

*Bishop*

*C. 62 /2018* **ജസ്റ്റീസ് സൺഡേ ആഗസ്റ്റ് 19**

ഭാരതകത്തോലിക്ക മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം 2018 ആഗസ്റ്റ് 19-ാം തീയതി ജസ്റ്റീസ് സൺഡേയായി ആചരിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പരിപാടികളും സാമൂഹ്യനീതിയെക്കുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ ഉതകുന്ന പ്രബോധനങ്ങളും ചർച്ചാക്ലാസ്സുകളും നടത്താൻ ശ്രദ്ധിക്കുമല്ലോ. ആ ദിവസമോ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ നിയോഗപ്രകാരം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക





കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC കമ്മീഷന് നൽകുവാനുള്ള തുകയാണത്.

*Protosyncellus*

*C. 63 /2018* **പ്രെസ്ബിറ്ററൽ കൗൺസിൽ**

രൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ മീറ്റിംഗ് ആഗസ്റ്റ് 13-ാം തീയതി 3.00 pm-ന് ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തുന്നതാണ്. പ്രെസ്ബിറ്ററൽ കൗൺസിലിലെ മുഴുവൻ അംഗങ്ങളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

*Protosyncellus*

*C. 64 /2018* **Sacristine's Meet**

രൂപതയിലെ എല്ലാ പള്ളികളിലേയും ഔദ്യോഗിക അൾത്താര ശുശ്രൂഷകർക്കായി (കപ്യാർ) ഒരു സെമിനാർ 2018 ആഗസ്റ്റ് 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സെമിനാറിലേക്ക് എല്ലാ കപ്യാർമാരേയും പറഞ്ഞയ്ക്കണമേയെന്ന് വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

*C. 65 /2018* **Apostolate for Migrant Workers**

കത്തോലിക്കരായ അന്യസംസ്ഥാന തൊഴിലാളികൾക്കായി വിശുദ്ധ കുർബാനയും കുമ്പസാരവും എല്ലാ മാസവും 4-ാം ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.00 മണിക്ക് കദളിക്കാട് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ഓരോ ഇടവകയിലും താമസിച്ച് ജോലി ചെയ്യുന്ന കത്തോലിക്കരായ അന്യ സംസ്ഥാനക്കാരെ കണ്ടെത്തി പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

*C. 66 /2018* **Wine Bottles**

പള്ളികളിൽ കാലിയാകുന്ന വീഞ്ഞുകുപ്പികൾ ശേഖരിച്ച് അരമനയിൽ എത്തിക്കുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. വീണ്ടും ഉപയോഗിക്കുവാൻ സാധിക്കുകയും waste ഒഴിവാകുകയും ചെയ്യും.

*Protosyncellus*

# മൈനർ സെമിനാരി

*MS 20 /2018* **ദൈവവിളി ക്യാമ്പ്**

നമ്മുടെ സെമിനാരിയിൽ ചേർന്ന് വൈദികനാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി സെമിനാരിയിൽ വച്ച് ആഗസ്റ്റ് 22-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ ഏകദിനക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു.

SSLC, Plus Two പഠിക്കുന്ന അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ച് കത്തുനൽകി പറഞ്ഞയക്കുമല്ലോ.

*MS 21 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One benefactor | ₹ | 2000 |
| 2 | Jerish Chimminikatt, Perumballichira | ₹ | 2000 |
| 3 | One benefactor | ₹ | 5000 |
| 4 | St. Pius X[th] Church, Perumballoor | ₹ | 15000 |
| 5 | One benefactor | ₹ | 15000 |
| 6 | St. George's Church, Thazhuvamkunnu | ₹ | 15000 |
| 7 | Joy Chettipparambil, Nediasala | ₹ | 25000 |
| 8 | St. George & St. Sebastian Church, Thottakkara | ₹ | 10000 |
| 9 | Thomas Kottackal, Nellimattam | ₹ | 75000 |
| 10 | Mathruvedi, Arikuzha | ₹ | 5000 |

*Rector*

# വിജ്ഞാനഭവൻ

*V.90/2018* **വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂലൈ മാസം 14-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1300 വിശ്വാസപരിശീലകർ പങ്കെടുത്തു. രാവിലെ നടന്ന സെമിനാറിന്റെ ഉദ്ഘാടനം രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് ഏഴുമായിൽ നിർവഹിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരി റെക്ടർ ഫാ. മാത്യു ഇല്ലത്തുപറമ്പിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് സമ്മേളനം മോൺ. ജോർജ്ജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷത്തെ





മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികളും, പി.റ്റി.എ.ക്കുള്ള സമ്മാനവും, ഷോർട്ട് ഫിലിമിനുള്ള അവാർഡും വികാരി ജനറാൾ വിതരണം ചെയ്തു. വിശ്വാസപരിശീലന രംഗത്ത് 50 വർഷം പൂർത്തിയാക്കിയവരെ ചടങ്ങിൽ ആദരിച്ചു. രൂപതാ കൺവെൻഷനിൽ വന്നു പങ്കെടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും രൂപതയിലെ വിശ്വാസപരിശീലകർക്കും ഡയറിയോടുകൂടിയ പാഠ്യപദ്ധതി വിതരണം ചെയ്തു.

*V. 91/2018* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2017-2018 പ്രവർത്തന വർഷത്തിൽ രൂപതയിലെ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂളുകളുടെ (A, B, C, D വിഭാഗം) പേരുകൾ ചുവടെ ചേർക്കുന്നു.

**ഗ്രൂപ്പ് എ**

I സെന്റ് ആന്റണീസ്, പൈങ്ങോട്ടൂർ
II സെന്റ് സെബാസ്റ്റ്യൻസ്, തൊടുപുഴ
II സെന്റ് ജോർജ്ജ്സ്, വാഴക്കുളം
III സെന്റ് തോമസ്, മൈലക്കൊമ്പ്

**ഗ്രൂപ്പ് ബി**

I സെന്റ് മേരീസ്, നാകപ്പുഴ
II സെന്റ് മേരീസ്, ആരക്കുഴ
III മാർസ്ലീവാ, വണ്ണപ്പുറം
III സെന്റ് ജോസഫ്സ്, നെല്ലിമറ്റം

**ഗ്രൂപ്പ് സി**

I സെന്റ് മേരീസ്, മാലിപ്പാറ
II സെന്റ് ജോസഫ്സ്, നെല്ലിക്കുഴി
III സെന്റ് മേരീസ്, കാവക്കാട്

**ഗ്രൂപ്പ് ഡി**

I ക്രിസ്തുരാജ്, രാജഗിരി
I സെന്റ് പയസ് X, ചാലാശ്ശേരി
II സെന്റ് തോമസ്, മലയിഞ്ചി
III സെന്റ് സെബാസ്റ്റ്യൻസ്, മാതിരപ്പിള്ളി

**പ്രോത്സാഹന സമ്മാനം നേടിയ സൺഡേ സ്കൂളുകൾ**

ലിറ്റിൽ ഫ്ളവർ, നെടിയകാട്

സെന്റ് സെബാസ്റ്റ്യൻസ്, ഉടുമ്പന്നൂർ

സെന്റ് സെബാസ്റ്റ്യൻസ്, ഏനാനെല്ലൂർ

സെന്റ് മേരീസ്, മുണ്ടൻമുടി

സെന്റ് മേരീസ്, നീണ്ടപാറ

*V.92/2018* **2017-2018 -ലെ മികച്ച പി.റ്റി.എ.കൾ**

1) സെന്റ് മേരീസ്, മാലിപ്പാറ
2) സെന്റ് ആന്റണീസ്, പൈങ്ങോട്ടൂർ
3) സെന്റ് സെബാസ്റ്റ്യൻസ്, തൊടുപുഴ
4) സെന്റ് സെബാസ്റ്റ്യൻസ്, ഉടുമ്പന്നൂർ
5) മാർസ്ലീവാ, വണ്ണപ്പുറം

*V.93/2018* **പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് 11-ാം തീയതി മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

| | | |
|---|---|---|
| XI | - | 2018 ആഗസ്റ്റ് 11 ശനി |
| XII | - | 2018 ആഗസ്റ്റ് 11 ശനി |
| സ്ഥലം | : | NESTT, Muvattupuzha |
| സമയം | : | രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ |

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

കോൺടാക്റ്റ് ക്ലാസ്സിൽ സംബന്ധിക്കാത്തവർ 5 ദിവസത്തെ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കണം.

*V.94/2018* **വിശ്വാസവഴിയിലെ സംശയങ്ങൾ**

180 രൂപ വിലയുള്ള വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തകം ഇപ്പോൾ 50 രൂപയ്ക്ക് വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

*Director*





# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 26/2018*

പുതിയതായി സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും നിയമന ഓർഡർ വാങ്ങാൻ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഓഫീസിൽ വരുമ്പോൾ ഓഫീസിൽനിന്നും ആവശ്യപ്പെടുന്ന എല്ലാ രേഖകളും അവരുടെ കൈവശം കൊടുത്തയയ്ക്കുന്ന കാര്യം പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (eg. Joining report, Staff statement, Leave Vacancy ആണെങ്കിൽ ലീവിന്റെ കോപ്പി). നിയമനങ്ങൾ പാസ്സാകുമ്പോൾ പാസ്സായ കോപ്പി സഹിതം ഓഫീസിൽ വന്ന് എഡ്യുക്കേഷൻ സെക്രട്ടറിയെ കാണേണ്ടതാണ്.

*Edn. 27 /2018* **മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ (2018-2019)**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ പൂരിപ്പിച്ച് 3 കോപ്പികൾ ഓഗസ്റ്റ് 30-ന് മുമ്പ് രൂപത വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കണം. അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്. ഇനി Reminder അയയ്ക്കുന്നതല്ല.

*Edn. 28 /2018* **Counselling**

എല്ലാ സ്കൂളുകളിലും കൗൺസലിംഗ് ആരംഭിക്കണം. ഇതിന്റെ ചുമതല ഒരു ടീച്ചറിനെ ഏല്പിക്കണം. റിക്കാർഡ് സൂക്ഷിക്കുകയും വേണം.

*Edn. 29 /2018* **Catechism/ Moral Science**

Catechism/Moral Science ഒന്നാം ടേം പരീക്ഷ, ഓണപ്പരീക്ഷ തീരുന്നതിന്റെ പിറ്റേദിവസം താഴെ കൊടുത്തിരിക്കുന്ന ടൈംടേബിൾ അനുസരിച്ച് നടത്തേണ്ടതാണ്. Question Papers സ്കൂൾ തുറക്കുന്ന ദിവസം അതാതു സെന്ററുകളിൽ എത്തിക്കും.

Time Table

| | | | | | | |
|---|---|---|---|---|---|---|
| FN | Std I | Std III | Std V | Std VII | Std IX | HSE I |
| AN | Std II | Std IV | Std VI | Std VIII | Std X | HSE II |

*Secretary*

# സോഷ്യൽ സർവ്വീസ്

*SS. 26 /2018* **ജീവസമൃദ്ധി ക്യാൻസർ ബോധവൽക്കരണ പരിപാടി**

കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഹൈറേഞ്ച് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ ജീവ മിൽക്കിന്റെ സഹകരണത്തോടെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ക്യാൻസർ ബോധവൽക്കരണ പരിപാടി "ജീവ സമൃദ്ധി" ഇടുക്കി രൂപത ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ആന്റണി ജോൺ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. കോതമംഗലം രൂപത വിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി കുന്നേൽ, ഇടുക്കി രൂപത വിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. ജോർജ് തകിടിയേൽ, കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഡോ. തോമസ് ജെ. പറയിടം, ജീവ മിൽക്ക് ഡയറക്ടർ ഫാ. ജോസ് മൂർക്കാട്ടിൽ, സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ഡോ. സോമി ജോൺ, ഹെഡ്മാസ്റ്റർ സോജൻ മാത്യു എന്നിവർ പ്രസംഗിച്ചു. ഹൈറേഞ്ച് ഡവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്ലാസ്സ് നയിച്ചു.

*SS. 27 /2018* **SAFP റീജിയണൽ സംഗമം**

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ ഗുണഭോക്താക്കൾക്കുള്ള ഏകദിന പരിശീലനവും റീജിയൺതല സംഗമവും കോതമംഗലം തൊടുപുഴ എന്നിവിടങ്ങളിൽ വച്ചു നടത്തി. തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളി പാരീഷ് ഹാളിൽ നടന്ന സംഗമം വികാരി റവ. ഡോ. ജിയോ തടിക്കാട്ട് ഉദ്ഘാടനം ചെയ്തു. കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ നടന്ന സംഗമം കത്തീഡ്രൽ വികാരി റവ. ഫാ. മാത്യൂസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. KSSS ഡയറക്ടർ റവ. ഡോ. തോമസ് ജെ. പറയിടം അധ്യക്ഷത വഹിച്ചു.

*SS. 28 /2018* **കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അംഗീകാരം**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർബിട്രേഷൻ ആന്റ് മീഡിയേഷനും പീപ്പിൾസ് മീഡിയേഷൻ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന പീപ്പിൾസ് മീഡിയേഷൻ സെന്ററു (PMC) കളുടെ പ്രവർത്തനങ്ങൾക്ക് നൽകിയ പിന്തുണക്കുള്ള അംഗീകാരം കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ലഭിച്ചു. എറണാകുളം ടൗൺഹാളിൽ നടന്ന ചടങ്ങിൽവച്ച് കേരള ഹൈക്കോടതി ആക്റ്റിംഗ് ചീഫ് ജസ്റ്റീസ് ഋഷികേശ് റോയിയിൽനിന്നും KSSS ഡയറക്ടർ റവ. ഡോ. തോമസ് ജെ. പറയിടം അംഗീകാര പത്രം ഏറ്റുവാങ്ങി. സുപ്രീം കോടതി ജഡ്ജി മദൻ ബി. ലോക്കൂർ മുഖ്യ അതിഥിയായിരുന്നു.

*SS. 29 /2018* **ആശാകിരണം ചികിത്സാ സഹായി**

ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതി പ്രകാരം 2018 ജൂൺമാസം 84 പേർക്കായി 381700/- രൂപ ചികിത്സാ സഹായം നൽകുകയുണ്ടായി.

*Director*

# തിരുബാലസഖ്യം

*HC 7/2018* **രൂപതാ കലോത്സവം**

തിരുബാലസഖ്യത്തിന്റെ കലാമത്സരങ്ങൾ ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച മൂന്ന് റീജിയണൽ സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു. മത്സരങ്ങളിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ പേര് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുമല്ലോ. രജിസ്ട്രേഷൻ ആഗസ്റ്റ് 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ മത്സരദിവസം നല്കുമല്ലോ. മത്സരങ്ങളുടെ വിശദാംശങ്ങൾ മാർഗരേഖയിൽ നൽകിയിട്ടുണ്ട്.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 30/2018* **രൂപതാ കൗൺസിലും വാർഷികവും**

ഈ പ്രവർത്തനവർഷത്തിലെ രൂപതാ കൗൺസിലും വാർഷികവും ജൂലൈ 22 ഞായറാഴ്ച 2.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. രൂപത വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം കൗൺസിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഡോൺ പ്ലാക്കൂട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികച്ച ശാഖകൾക്കും മേഖലകൾക്കുമുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

*CML 31/2018* **രൂപതാസാഹിത്യമത്സരം**

രൂപതാ സാഹിത്യമത്സരം ആഗസ്റ്റ് 15 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 1 മണി മുതൽ 8 മേഖല കേന്ദ്രങ്ങളിൽ വച്ച് നടക്കും. ജൂനിയർ, സീനി

യർ, സൂപ്പർ സീനിയർ വിഭാഗങ്ങളിലായി കഥ, കവിത, ഉപന്യാസം എന്നീ ഇനങ്ങളിലായിരിക്കും മത്സരം നടക്കുക. വെബ്സൈറ്റ് വഴി യാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ആഗസ്റ്റ് 6 മുതൽ 12-ാം തീയതി വരെ ആയിരിക്കും രജിസ്ട്രേഷൻ നടത്തേണ്ട സമയം.

ആഗസ്റ്റ് 5 വരെ പുതിയ കുട്ടികളെ വെബ്സൈറ്റിൽ ചേർക്കേണ്ട സമയമാണ്.

*CML 32/2018* **സംഭാവന കൂപ്പൺ**

കൗൺസിൽ ദിവസം ശാഖകൾക്കായി വിതരണം ചെയ്ത സംഭാവന കൂപ്പൺ എത്രയും വേഗത്തിൽ കുട്ടികൾക്കിടയിൽ വിതരണം ചെയ്ത് കൂപ്പൺ തുക രൂപതയിൽ ഏല്പിക്കുവാൻ ശാഖാ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ. ഒരു കൂപ്പണിന് 170 രൂപയാണ് തിരികെ ഏല്പിക്കേണ്ടതാണ്.

*CML 33/2018* **മേഖല കലാമത്സരം**

ഈ വർഷത്തെ മേഖല കലാമത്സരം ആഗസ്റ്റ് 27-ന് 8 മേഖല കേന്ദ്രങ്ങളിൽ വച്ച് നടക്കും. മത്സരത്തെ സംബന്ധിച്ച വിശദവിവരങ്ങൾ രൂപതാമാർഗരേഖയിൽ നൽകിയിട്ടുണ്ട്.

*CML 34/2018* **രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ഓഗസ്റ്റ് 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്.

*CML 35/2018* **ദൈവവിളി പ്രയർകാർഡ്**

ശാഖാംഗങ്ങൾക്കായി കൗൺസിൽ ദിവസം വിതരണം ചെയ്ത ദൈവവിളി പ്രയർ കാർഡ് ഉപയോഗിച്ച് വ്യക്തിപരമായും ഇടവകയിൽ ഒരുമിച്ചും ദൈവവിളിക്കായി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

Director

## കെ.സി.എസ്.എൽ.

*KCSL 18/2018* **സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ**

സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ വിതരണത്തിൽ ആത്മാർത്ഥമായി സഹകരിച്ച ആനിമേറ്റർമാർക്കും അംഗങ്ങൾക്കും അനുമോദനങ്ങൾ. കൂപ്പൺ തുക കമ്മീഷനൊഴിച്ച് ഓഫീസിൽ എത്തിക്കുമല്ലോ.

*KCSL 19/2018* **നേതൃസംഗമം**

സംസ്ഥാനതല നേതൃസംഗമം തൃശൂർ രൂപതയിലെ DBCLC-ൽ വച്ച് നടന്നു. നമ്മുടെ രൂപതാപ്രതിനിധികളായി ചെയർമാൻ റോബിൻ





ജയിംസ്, ജനറൽ സെക്രട്ടറി ആൻ മരിയ ജോഷി, HSS സെക്രട്ടറിമാരായ ഡോൺ ജോസഫ്, സിയ മരിയ, HS സെക്രട്ടറി അബി ഷാജൻ, UP സെക്രട്ടറി സിജോ റ്റി ജോൺ, എന്നിവർ പങ്കെടുത്തു. കുട്ടികളെ അനുഗമിച്ച ശ്രീ. ജയ്മോൻ ജയിംസ്, സി. ടെസി ജോൺ SH എന്നിവരും നേതൃസംഗമത്തിൽ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

*KCSL 20/2018* **വിയാനി ദിനം**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി ദിനം ആഗസ്റ്റ് 3-ാം തീയതി യൂണിറ്റുകളിൽ ആചരിക്കുമല്ലോ. മാനേജരച്ചന്മാരെ ആദരിക്കുവാൻ ഈ ദിവസം ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

*KCSL 21/2018* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസിന്റെ ഫൈനൽ റൗണ്ട് മത്സരം ആഗസ്റ്റ് 17-ാം തീയതി വെള്ളിയാഴ്ച നടക്കുന്നതാണ്. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനത്ത് റീജിയണൽ തലത്തിൽ എത്തിയവരാണ് ഫൈനൽ റൗണ്ടിൽ മത്സരിക്കുന്നത്. വിജയാശംസകൾ ഏവർക്കും നേരുന്നു. ഫൈനൽ റൗണ്ടിന്റെ മത്സരവേദി മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് GSS ആയിരിക്കും.

*KCSL 22/2018* **അംഗത്വഫീസ്**

കുട്ടികളുടെ ആകെ എണ്ണത്തിനനുസരിച്ച് അംഗത്വഫീസ് രൂപത KCSL ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (ഒരു കുട്ടിക്ക് 2 രൂപ)

Director

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 44/2018* **രൂപതാ കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൗൺസിൽ ആഗസ്റ്റ് 16 വ്യാഴം രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 45/2018* **രാത്രി ആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ആഗസ്റ്റ്10 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണി വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 46/2018* **കുടുംബനവീകരണ ധ്യാനം**

കുടുംബനവീകരണധ്യാനം ആഗസ്റ്റ് 17 വെള്ളി വൈകിട്ട് 4 മുതൽ 19-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 47/2018* **ജൂബിലി ദമ്പതീസംഗമം**

വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതിമാരുടെ ഒരു സംഗമം ഒക്ടോബർ 2 ചൊവ്വാഴ്ച വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. 1968-ലോ 1993-ലോ വിവാഹിതരായ ദമ്പതിമാരാണ് ഇതിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ജൂബിലി ദമ്പതിമാരെ മംഗളപത്രം നൽകി ആദരിക്കും. കൃതജ്ഞതാബലി, ക്ലാസ്സ്, സ്നേഹവിരുന്ന്, വിവാഹവ്രതനവീകരണം എന്നിവയും നടത്തപ്പെടും. ജൂബിലിദമ്പതിമാരുടെ ഫോട്ടോ, 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ ആഗസ്റ്റ് 31 നകം ഫാമിലി അപ്പോസ്റ്റലേറ്റ് കേന്ദ്ര ഓഫീസിൽ എത്തിക്കണം.

*FA 48/2018* **ഏലീശ്വാധ്യാനം**

ഗർഭിണികൾക്കും അവരുടെ ഭർത്താക്കന്മാർക്കും വേണ്ടി ആഗസ്റ്റ് 26 ഞായർ വൈകിട്ട് 4 മുതൽ 28-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് ഏലീശ്വാധ്യാനം നടത്തപ്പെടുന്നു.

*FA 49/2018* **വിവാഹഒരുക്കസെമിനാർ (സെപ്റ്റംബർ 15-17)**

വൈദികരുടെ ധ്യാനമായതിനാൽ സെപ്റ്റംബർ 19 മുതൽ 21 വരെ നടത്തുവാൻ നിശ്ചയിച്ചിരുന്ന വിവാഹ ഒരുക്ക സെമിനാർ സെപ്റ്റംബർ 15 മുതൽ 17 വരെ തീയതികളിലേക്ക് മാറ്റിയിരിക്കുന്നു.

*FA 50/2018* **ഫൊറോന കുടുംബസംഗമങ്ങൾ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഫൊറോനാതല കുടുംബസംഗമങ്ങൾ ഓഗസ്റ്റ് 4 - വാഴക്കുളം, ഓഗസ്റ്റ് 10 - പൈങ്ങോട്ടൂർ, ഓഗസ്റ്റ് 24 - മാറിക, ഓഗസ്റ്റ് 28 - ആരക്കുഴ, ഓഗസ്റ്റ് 24 - ഊന്നുകൽ എന്നിവിടങ്ങളിൽ നടത്തപ്പെടുന്നു. ഇടവകഭാരവാഹികളും കുടുംബാംഗങ്ങളുമാണ് സംഗമങ്ങളിൽ പങ്കെടുക്കേണ്ടത്.

*Director*

*FA 51/2018* **Marriage Preparation Courses in Kerala, 2018 August**

| DIOCESE / ARCHDIOCESE | PHONE NUMBER | 1stWeek | 2ndWeek | 3rdWeek | 4thWeek |
|---|---|---|---|---|---|
| ALAPPUZHA | 8113934970 | | 10-12 | | |
| CHANGANACHERRY | 0481-2424476 | 3-5 | 13-15 | 20-22 | 27-29 |
| ERNAKULAM (KALOOR) | 0484-2533077 | 5-7 | 13-15 | 20-22 | 27-29 |
| ERNAKULAM (KALADY) | 0484-2462607 | | 14-16 | 21-23 | 28-30 |
| IDUKKI | 04864222632, 9447777935 | | 13-15 | | 24-26 |
| IRINJALAKUDA | 0480-2880439, 9447992216 | 6-8 | | 20-22 | 27-29 |
| KANJIRAPPALLY | 0482-8205628, 9497096431 | 6-8 | | | 29-31 |
| KOCHI (LATIN) | 0484-2328077, 8547723791 | | | | 23-26 |
| KOLLAM (LATIN) | 0474-2749349, 9645671314 | | 8-10 | | 22-24 |
| KOTHAMANGALAM | 0485-2989222, 9495011191 | 1-3 | | 15-17 | |
| KOTTAPPURAM (LATIN) | 0480-2807733, 9446605551 | 1-3 | | | |
| KOTTAYAM | 0481-2790947, 9495080049 | | 9-11 | | |
| KOZHIKODE | 9349437053 | | 8-11 | | |
| MANANTHAVADY | 0493-5241335,9567764944 | | 12-15 | | |
| MAVELIKKARA (MALANKARA) | 9447366149 | | 10-12 | | |
| NEYYATTINKARA (LATIN) | 9447005093 | | 8-10 | | |
| PALAI | 0482-2210049 | | 6-8 | | 20-22 |
| PALAKKAD | 8281340073 | | 6-9 | | |
| PATHANAMTHITTA | 9496806089 | | 10-12 | | |
| PUNALUR | 9497578852 | | 9-12 | | |
| THALASSERRY | 0490-2343414,9446679001 | | 7-9 | | 21-23 |
| THAMARASSERRY | 0495-2730860,9495693810 | | 7-10 | | |
| THIRUVALLA | 9895556074 | | 7-9 | | 21-23 |
| THIRUVANANTHAPURAM (LATIN) | | 9895092479 | | 3-5 | |
| | 27-29 | | | | |
| THIRUVANANTHAPURAM (MALANKARA) | 8304841964 | | 10-12 | | |
| THRISSUR | 0487-2336066,9605043327 | 1-3 | 8-10 | 15-17 | 22-24 29-31 |
| VARAPPUZHA | 0484-2393739 | 3-5 | | 17-19 | |
| VIJAYAPURAM | 9447182300 | | 9-11 | | |





*Director*

## മാതൃവേദി

*MV 26/2018* **പ്രാർത്ഥനായജ്ഞം**

സഭയിലെ വർത്തമാനകാലപ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള പ്രാർത്ഥനായജ്ഞവുമായി കോതമംഗലം രൂപത മാതൃവേദി ഒന്നാകെ പരി.അമ്മയോടൊപ്പം. ജൂലൈ മാസത്തിലെ സൗകര്യപ്രദമായ ദിവസത്തിൽ ഓരോ യൂണിറ്റുകാരും സഭയിലെ സമാധാനത്തിനും, സുസ്ഥിതിക്കുംവേണ്ടി പ്രാർത്ഥനാദിനം ആചരിക്കുന്നു.

*MV 27/2018* **ഹരിതം - 2018**

വിഷരഹിതമായ ഭക്ഷണസംസ്കാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതം 2018 എന്ന പേരിൽ മാതൃവേദി അമ്മമാർ ജൈവപച്ചക്കറിക്കൃഷിയും പൂന്തോട്ടവും നിർമ്മിക്കാൻ ശ്രദ്ധിക്കുമല്ലോ.

*MV 28/2018* **ഉണർവ്വ്**

മനസ്സിന്റെ ഏകാഗ്രതയും സ്വച്ഛതയും ലക്ഷ്യമാക്കി ഫാ. സൈജു തുരുത്തിയിൽ MCBS-ന്റെ നേതൃത്വത്തിൽ ഉള്ള യോഗ

ക്ലാസ്സ് ജൂലൈ 17-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഉണർവ്വ് അംഗങ്ങൾക്കായി സംഘടിപ്പിച്ചു.

*MV 29/2018* **ഏകദിനകൂട്ടായ്മ**

ആഗസ്റ്റ്11 -ന് രാമല്ലൂർ സാൻജോ ഭവനിൽവച്ച് യൂദിത്ത് മിനിസ്ട്രിയുടെ ഏകദിനകൂട്ടായ്മ.

*MV 30/2018* **യൂദിത്ത് തീർത്ഥാടനം**

ആഗസ്റ്റ് 22 ന് യൂദിത്ത് അംഗങ്ങൾ ഒന്നുചേർന്ന് തീർത്ഥാടനം നടത്തുന്നു.

*MV 31/2018* **രൂപത കൺവൻഷൻ**

സെപ്റ്റംബർ 15 ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നതാണ്.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 46/2018* **രൂപത കമ്മിറ്റികൾ**

ജൂൺ 22, ജൂലൈ 17 എന്നീ തീയതികളിൽ രൂപതാ കമ്മിറ്റി യോഗങ്ങൾ ചേർന്നു. ഫൊറോന ഡയറക്ടറച്ചന്മാരും രൂപതാഭാരവാഹികളും ഫൊറോന പ്രസിഡന്റുമാരും പങ്കെടുത്തു. “ദീപിക നമ്മുടെ ഭാഷ” പദ്ധതി പ്രകാരം സ്കൂളുകളിൽ നടപ്പാക്കുന്ന പ്രത്യേക പ്രോജക്ടിന്റെ അവലോകനവും യൂണിറ്റുതലം മുതലുള്ള ഡി.എഫ്.സി. ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിലയിരുത്തി. ഫൊറോന തെരഞ്ഞെടുപ്പ് ആഗസ്റ്റ് 10-ന് മുമ്പും രൂപത തെരഞ്ഞെടുപ്പ് ആഗസ്റ്റ് 17-ന് മുമ്പും പൂർത്തിയാക്കാൻ തീരുമാനിച്ചു.

*DFC 47/2018* **സംസ്ഥാന കമ്മിറ്റി യോഗം**

ഡി.എഫ്.സി. സംസ്ഥാന സമിതിയോഗം ജൂൺ 26-ന് കോട്ടയം ദീപിക ഓഫീസിൽ വച്ച് ചേർന്നു. രൂപതയിൽ നിന്നും ഡയറക്ടർ, അസി. ഡയറക്ടർ, സെക്രട്ടറി, വനിതാവിംഗ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

*DFC 48/2018* **സംസ്ഥാന ക്യാമ്പ്**

ഈ വർഷത്തെ ഡി.എഫ്.സി. സംസ്ഥാന ക്യാമ്പ് ആഗസ്റ്റ് 20, 21 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. രൂപത പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ട്രഷറർ, ഫൊറോന പ്രസിഡന്റ്, സെക്രട്ടറി എന്നിവരാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പ് ആഗസ്റ്റ് 20-ന് രാവിലെ 10-ന് ആരംഭിച്ച് 21-ന് വൈകിട്ട് 4.30-ന് സമാപിക്കുന്നതാണ്.





*DFC 49/2018* **സംസ്ഥാന തെരഞ്ഞെടുപ്പ്**

2018-20 വർഷത്തേക്കുള്ള ഡി.എഫ്.സി. സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ആഗസ്റ്റ് 20-ന് തുടങ്ങുന്ന സംസ്ഥാന ക്യാമ്പിൽ വച്ച് നടക്കും. അതിനാൽ രൂപതയിലെ യൂണിറ്റ് ഫൊറോന രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് അതിനു മുമ്പ് പൂർത്തിയാക്കേണ്ടിയിരിക്കുന്നു.

*Co-ordinator*

## യുവദീപ്തി

*YD 21/2018* **രൂപത അർദ്ധ വാർഷിക സെനറ്റ്**

യുവദീപ്തി-കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ 6 മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നൂതനപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി രൂപത അർദ്ധവാർഷിക സെനറ്റ് ജൂലൈ 14 ശനിയാഴ്ച രാവിലെ 9 മുതൽ നടത്തപ്പെട്ടു. ഫൊറോന - രൂപതാ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപതാ പ്രസിഡന്റ് സിറിൾ ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗം നിർമ്മല കോളേജ് MCA വിഭാഗം ഡയറക്ടർ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ഉദ്ഘാടനം ചെയ്തു.

*YD 22/2018* **ജിബിൻ മെമ്മോറിയൽ ക്വിസ്**

അകാലത്തിൽ നമ്മെ വിട്ടുപോയ മുൻ രൂപതാ സെക്രട്ടറി ജിബിൻ കുന്നേലിന്റെ അനുസ്മരണാർത്ഥം നടത്തുന്ന ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം ജൂലൈ 22-ാം തീയതി ഉച്ചകഴിഞ്ഞ് 2-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

*Director*

## ജീസസ് യൂത്ത്

*JY 19/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ ആഗസ്റ്റ് 10-ന് നൈറ്റ് വിജിൽ നടത്തുന്നു.

*JY 20/2018* **ജീസസ് യൂത്ത് ഓൾ കേരള കോൺഫറൻസ്**

കേരള ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 23 മുതൽ 26 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് ഓൾ കേരള കോൺഫറൻസ് നടക്കുന്നു. വൈദികർ, കുടുംബം, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിനും വ്യത്യസ്ത സ്റ്റേജുകളിൽ ക്ലാസ്സുകൾ നടക്കുന്നു.

*Animator*

# ഡി.സി.എം.എസ്.

*DCMS 7/2018* **സ്കോളർഷിപ്പ്**

+2 കഴിഞ്ഞ് ഉപരിപഠനത്തിന് ഒരുങ്ങുന്ന ദളിത് വിദ്യാർത്ഥി നീവിദ്യാർത്ഥികൾക്കായി സീറോമലബാർ ദളിത് വികാസ് സൊസൈറ്റി ഏർപ്പെടുത്തുന്ന സ്കോളർഷിപ്പിലേക്ക് അർഹരായ കുട്ടികളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനുമായി രൂപതാ ഓഫീസുമായി ബന്ധപ്പെടുക. ബ. വികാരിയച്ചന്മാർ പള്ളികളിൽ ഈ വിവരം അറിയിക്കുമല്ലോ.

കൂടുതൽ വിവരങ്ങൾക്ക്:

രൂപതാ ഡയറക്ടർ - ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, 9747975511
പ്രസിഡന്റ് - ജോളി ജോസഫ് പാലക്കുന്നേൽ, 9447820173
ആനിമേറ്റർ - സി. മെർളി പെരുമ്പനാനി, 9496077751

Director

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 21/2018* **പച്ചക്കറി വിത്ത് വിതരണം**

കേരള സർക്കാരിന്റെ "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതി പ്രകാരം കത്തോലിക്ക കോൺഗ്രസ് കൃഷി വകുപ്പുമായി സഹകരിച്ച് കോതമംഗലം രൂപതയിൽ പല ഇടവകകളിലും പച്ചക്കറി വിത്ത് സൗജന്യമായി വിതരണം ചെയ്തു.

*AKCC 22/2018* **ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

കത്തോലിക്കാ കോൺഗ്രസ് മുതലക്കോടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. ഏറ്റവും കുറഞ്ഞ പ്രീമിയത്തിൽ കൂടുതൽ ലാഭകരമായ ഒരു പദ്ധതിയാണിത്. UAE മണി എകസ്ചേഞ്ചുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ചികിത്സയ്ക്ക് ധാരാളം ചെലവ് വരുന്ന ഈ അവസരത്തിൽ സാധാരണക്കാർക്ക് ഈ ഇൻഷ്വറൻസ് പദ്ധതി വലിയ ഒരു അനുഗ്രഹമാണ്.

Director





# കേരള ലേബർ മൂവ്മെന്റ്

*KLM 15/2018* **മൊബൈൽ പാലിയേറ്റീവ് & ഹോംകെയർ**

രൂപത K.L.M-ന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള മൊബൈൽ പാലിയേറ്റീവ് & ഹോംകെയർ യൂണിറ്റിന്റെ പ്രവർത്തനം ജൂലൈ 3-ന് മൂവാറ്റുപുഴ ഹോളിമാഗി പള്ളിയങ്കണത്തിൽവച്ച് അഭിവന്ദ്യപിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. മൊബൈൽ പാലിയേറ്റീവ് കെയറിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വാഴക്കുളം ഹരിത ഫാർമേഴ്സ് ക്ലബ്ബ് നൽകിയ വാഹനത്തിന്റെ വെഞ്ചരിപ്പും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, മൂവാറ്റുപുഴ ഫൊറോന പള്ളി വികാരി ഫാ. പോൾ നെടുംപുറം, രൂപതാ ഭാരവാഹികളായ സി. ഷീൻ മരിയ CHF, റോയി കാവാട്ട്, ബിജു പാറത്തട്ടേൽ, റ്റെഡി തെക്കേക്കര, ലൈല കൊറ്റം, അഡ്വ. തോമസ് മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

*KLM 16/2018* **റിസോഴ്സ് ടീം പരിശീലനം**

മൊബൈൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 60 പേരടങ്ങുന്ന റിസോഴ്സ് ടീമിന് പ്രത്യേക പരിശീലനം നൽകുന്നതാണ്. ഒന്നാംഘട്ട പരിശീലനം ഓഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും. നേഴ്സിംഗ് പരിശീലനം ലഭിച്ച, വോളന്റിയറായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർ K.L.M. ഓഫീസുമായി ബന്ധപ്പെടുക. (Mob: 9188778180)

*KLM 17/2018* **രൂപതാ നേതൃ സമ്മേളനം**

K.L.M. രൂപതാ ഭാരവാഹികളുടേയും വിവിധ തൊഴിൽ ഫോറങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെയും സംയുക്തയോഗം ഓഗസ്റ്റ് 17 വെള്ളി രാവിലെ 10 മുതൽ 1 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരും.

*KLM 18/2018* **നിവേദനം നൽകി**

അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളെ ESI-യുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് കേരള ലേബർ മൂവ്മെന്റ് തൊഴിൽ വകുപ്പിനോട് ആവശ്യപ്പെട്ടു. ജീവൻ നിലനിർത്താനുള്ള ആഹാരസാധനങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷക തൊഴിലാളിയും വസ്ത്രം തുന്നുന്ന തൊഴിലാളികളും പാർപ്പിടവും റോഡുകളും നിർമ്മിക്കുന്ന നിർമ്മാണ തൊഴിലാ

ളികളുമാണ് രാജ്യത്തിന്റെ വികസനത്തിന്റെ അടിസ്ഥാനഘടകം. അതിനാൽ ഈ തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടെന്ന് കേരള ലേബർ മൂവ്മെന്റ് തൊഴിൽ വകുപ്പിന് നല്കിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 17/2018* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

SFO രൂപതാ എക്സിക്യൂട്ടീവ് യോഗം 08-07-2018 ഞായറാഴ്ച മൂവാറ്റുപുഴ ഹോളിമാഗി പള്ളിയിൽ രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 5 ലക്ഷം വിലമതിക്കുന്ന ഒരു വീട് പാവപ്പെട്ടയാൾക്ക് നല്കാനും, 22-07-2018 ഞായറാഴ്ച നിർമ്മലസദനിൽ "കൂദാശകൾ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുക്കുന്നതിനും തീരുമാനിച്ചു.

*SFO 18/2018* **യൂണിറ്റ് സന്ദർശനം**

രൂപതാ നേതൃത്വം സെന്റ് ജോർജ് വാഴക്കുളം യൂണിറ്റ്സന്ദർശിക്കുകയും, പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

*Director*

## ഇൻഫാം

*INF 9/2018* **കാർഷിക ജില്ല ഡയറക്ടറിന് സ്വീകരണം**

ഇൻഫാം കോതമംഗലം കാർഷിക ജില്ല ഡയറക്ടറായി നിയമിതനായ ഫാ. റോബിൻ പടിഞ്ഞാറേക്കൂറ്റിന് ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. വാഴക്കുളം ജ്വാല ഓഡിറ്റോറിയത്തിൽ ചേർന്ന സ്വീകരണ യോഗം ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളി ഉദ്ഘാടനം ചെയ്തു. സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ദേശീയ വൈസ് ചെയർമാൻ കെ. മൈതിൻ ഹാജി, ട്രസ്റ്റി ഡോ. എം.സി. ജോർജ്, ജോയി തെങ്ങുംകുടി, പി.എസ്. മൈക്കിൾ, ജോയി പള്ളിവാതുക്കൽ, എം.ടി. ഫ്രാൻസിസ്, റോയി വള്ളമറ്റം, തോമസ് വർഗീസ് പെരിയക്കോട്ടിൽ, ഒ.എം. ജോർജ്, ജോണി മെതിപ്പാറ എന്നിവർ പ്രസംഗിച്ചു. വിപുലമായ സൗകര്യങ്ങളോടെ ഇൻഫാം കർഷകന്റെ കടയ്ക്ക് എതിർവശത്ത് പേ ആന്റ് പാർക്കിനോടനുബന്ധിച്ച് പ്രവർത്തനമാരംഭിക്കുന്ന കാർഷികലേല ചന്തയുടെയും നേഴ്സറിയുടെയും ഉദ്ഘാടനം ഫാ. റോബിൻ പടിഞ്ഞാറേക്കൂറ്റ് നിർവഹിച്ചു.





*INF 10/2018* **ഭക്ഷണ വിതരണ പദ്ധതി**

സ്കൂളിലെ പ്രഭാതഭക്ഷണ വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ പണ്ടപ്പിള്ളി ഗവൺമെന്റ് യു.പി. സ്കൂളിൽ നടത്തി. ആരക്കുഴ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സിബി കുര്യാക്കോ കുട്ടികൾക്ക് ഭക്ഷണകിറ്റ് നൽകി ഉദ്ഘാടനം ചെയ്തു. ഉച്ചഭക്ഷണ വിതരണം സ്കൂളുകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ പ്രഭാതഭക്ഷണം കഴിക്കാതെ സ്കൂളിലെത്തുന്ന കുട്ടികൾ ധാരാളമുണ്ടെന്നും ഇത് അവരുടെ ആരോഗ്യത്തെയും പഠനത്തെയും പ്രതികൂലമായി ബാധിക്കുമെന്നതിനാലുമാണ് പ്രഭാതഭക്ഷണ പരിപാടി നടപ്പാക്കുന്നതെന്ന് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, കൺവീനർ ജോസ് എടപ്പാട്ട് എന്നിവർ പറഞ്ഞു. വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും പൊതു പരിപാടികളും ആഘോഷങ്ങളും സംഘടിപ്പിക്കുമ്പോൾ ഇതിനായി ഒരു തുക മാറ്റിവച്ച് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ എല്ലാവരെയും ഉദ്ബോധിപ്പിക്കുമെന്നും ഇൻഫാം ഭാരവാഹികൾ പറഞ്ഞു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 22/2018* **കോതമംഗലം സോണൽ പ്രാർത്ഥനാഗ്രൂപ്പ് സർട്ടിഫിക്കറ്റ് വിതരണം**

പൈങ്ങോട്ടൂർ സബ്സോണിന്റെ ആഭിമുഖ്യത്തിൽ റവ. ഫാ. പോൾ മൈലക്കച്ചാലിന്റെ നേതൃത്വത്തിൽ 3 മണിക്കൂർ വീതം 45 ദിവസം എല്ലാ ശനിയാഴ്ചകളിലുമായി പൂർത്തീകരിച്ച ബൈബിൾ കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം ജൂലൈ 19 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് പൈങ്ങോട്ടൂർ ഫൊറോന പള്ളിയിൽ വച്ച് നടന്നു.

കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ കോഴ്സ് പൂർത്തീകരിച്ച 40 പേർക്ക് സർട്ടിഫിക്കറ്റ് നൽകി. പൈങ്ങോട്ടൂർ ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വടക്കേൽ, റവ. ഫാ. പോൾ മൈലക്കച്ചാലിൽ, പ്രാർത്ഥനാഗ്രൂപ്പ് രൂപത ഡയറക്ടർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോതമംഗലം രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു കൊച്ചുമുണ്ടൻമലയിൽ എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ചു.

അടുത്ത ഒരു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന ബൈബിൾ കോഴ്സ് ജൂലൈ 21 ശനിയാഴ്ച പൈങ്ങോട്ടൂരിൽ ആരംഭിച്ചു.

*PG 23/2018* **സോണൽ, സബ് സോണൽ സന്ദർശനങ്ങൾ**

സോണൽ, സബ് സോണൽ സന്ദർശനങ്ങൾ, കോതമംഗലം സോണിലെ സർവീസ് ടീം അംഗങ്ങളുടെ ഭവനങ്ങൾ KCST ചെയർമാൻ റവ. ഫാ. വറുഗീസ് മുണ്ടയ്ക്കൽ, കോതമംഗലം സോണൽ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, KCRST മെമ്പർ ഡോ. തോമസ് ആലപ്പുഴ, കളമശ്ശേരി എമ്മാവൂസ് സെക്രട്ടറി ജോർജ് കുമ്പിളിമൂട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിച്ചു.

*PG 24/2018* **സബ് സോണൽ സന്ദർശനങ്ങൾ**

കോതമംഗലം സോൺ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ സോണിലെ 8 സബ് സോണുകളിലെ അംഗങ്ങളുടെ ഭവനങ്ങൾ ജൂലൈ മാസത്തിലെ വിവിധ ദിവസങ്ങളിലായി സന്ദർശിച്ചു.

*PG 25/2018* **സംയുക്ത സർവീസ് ടീം**

കോതമംഗലം സോണിന്റെ രജത ജൂബിലി ആഘോഷങ്ങളെക്കുറിച്ച് ചിന്തിക്കുവാനും കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുവാനുമായി ആഗസ്റ്റ് 21 ചൊവ്വാഴ്ച കാരക്കുന്നം മോചനയിൽ വച്ച് സോണൽ, സബ് സോണൽ അംഗങ്ങളുടെ സംയുക്ത ടീം കൂടുന്നു.

Director

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 31 /2018* **വനിത യൂത്ത് കോൺഫ്രൻസ്**

കോതമംഗലം സെൻട്രൽ കൗൺസിലിൽ ആദ്യമായി ഒരു യൂത്ത് വനിതാ കോൺഫ്രൻസ് കാളിയാർ ഇടവകയിൽ ആരംഭിച്ചു. ഇടവക വികാരി റവ. ഫാ. ജോൺ ആനിക്കോട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് സെൻട്രൽ കൗൺസിൽ പ്രസിഡന്റ് കോൺഫ്രൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു. അസിസ്റ്റന്റ് വികാരി ഫാ. പോൾ കളത്തൂർ, എ.സി. പ്രസിഡന്റ് സേവ്യർ കരിന്തോളിൽ, ഏരിയാ കൗൺസിൽ ഭാരവാഹികൾ, കോൺഫ്രൻസ് പ്രസിഡന്റുമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

*SV 32 /2018* **തട്ടക്കുഴ സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസ്**

തട്ടക്കുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയോടനുബന്ധിച്ച് പുതിയ കോൺഫ്രൻസ് ആരംഭിച്ചു. ചിലവ് ഇടവക വികാരി റവ. ഫാ. ആന്റണി





പുലിമലയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു. ഏരിയാ കൗൺസിൽ പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ, എ.സി., സി.സി. ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു.

Director

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Aug | 1 - 3 | - Pre - Marriage Course |
| " | 04 | - ദൈവശാസ്ത്ര കോഴ്സ് ഉദ്ഘാടനം |
| " | 11 | - Family Apostolate Training Programme |
| " | 11 | - Mobile Paliative Care Resourse Training |
| " | 14 | - Seminar for Sacristans |
| " | 15 - 17 | - Pre - Marriage Course |
| " | 20 - 21 | - DFC State Camp |
| " | 23 - 26 | - Jesus Youth Programme |
| " | 29 - 31 | - Infarm Training Programme |

Director

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| " | Malekandathil Pius | " | 21 |
| " | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ 2018**

22 • പൈങ്ങോട്ടൂർ, പള്ളിവാതുക്കൽ ഫിലോമിനയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 • പാലാരിവട്ടം POC-യിൽ നടന്ന റീജിയണൽ മീറ്റിംഗിൽ പങ്കെടുത്തു.

24 • മുവാറ്റുപുഴ, NESTT-ൽ നടന്ന വിശ്വാസപരിശീലകരുടെ ട്രെയിനിംഗ് പ്രോഗ്രാമിൽ സന്ദേശം നൽകി.

- ചിലവ്, കുഴിക്കാട്ടുമ്യാലിൽ മേരിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 • CMC സന്യാസിനീ സമൂഹാംഗമായ സി. ജോവാൻ-ന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് മൂവാറ്റുപുഴ, സെന്റ് ജോസഫ് CMC മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 • ചാലാശ്ശേരി, പള്ളിക്കുന്നേൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 • മാറിക ഇടവക പൊങ്ങംപാറയിൽ ഉലഹന്നന് ഇടവകയുടെ നേതൃത്വത്തിൽ പുതിയതായി നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

- മാറിക സെന്റ് മേരീസ് LP സ്കൂൾ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

30 • പുതിയതായി നിർമ്മിച്ച കോതമംഗലം CMC മഠം കപ്പേളയുടെ കൂദാശാകർമ്മവും മഠത്തിന്റെ വെഞ്ചരിപ്പും നിർവഹിച്ചു.

- നെടിയശാല, മുളഞ്ഞനാനി ദേവസ്യ ചാക്കോയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- കോതമംഗലം മുൻസിപ്പൽ അതിർത്തിക്കുള്ളിലെ സ്കൂളുകളിൽ Plus Two, SSLC ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും A+ കിട്ടിയ കുട്ടികളെ അഭിനന്ദിക്കുവാൻ കൂടിയ സമ്മേളനത്തിൽ ആശംസകളർപ്പിച്ച് സന്ദേശം നൽകി.

**ജൂലൈ 2018**

01 • ചീനിക്കുഴി, സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

03 • മൂവാറ്റുപുഴ, ഹോളിമാഗി ഇടവകപ്പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയതായി നിർമ്മാണം ആരംഭിക്കുന്ന പാരീഷ് ഹാളിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

- കോട്ടപ്പടി, തുരുത്തിക്കാട് ചിന്നമ്മ തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.





- നെയ്യശ്ശേരി, ചൂരത്തൊട്ടിയിൽ ചാക്കോ ഔസേപ്പിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 • പെരുമണ്ണൂർ, മണ്ണൂക്കുളങ്ങര ബിജു-ബിന്ദു ദമ്പതികളുടെ നാലാമത്തെ കുട്ടിയായ മരിയയ്ക്ക് പ്രവേശക കൂദാശകൾ നൽകി.

07 • മൂവാറ്റുപുഴ NESTT-ൽ നടന്ന KCYM State Leadership Camp-ൽ പങ്കെടുത്തവർക്ക് സന്ദേശം നൽകി.

- CMC സന്യാസിനീ സമൂഹാംഗമായ സി. ചാർലിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

08 • കുട്ടമ്പുഴ, സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10 • ചീനിക്കുഴി, മൂലാശ്ശേരിൽ സിജു- മഞ്ചു ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ ജോർജിയ്ക്കു പ്രവേശക കൂദാശകൾ നൽകി.

- കല്ലാനിക്കൽ, സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മിച്ച Plus Two കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്നു നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.
- കപ്പൂച്ചിൻ സഭാംഗവും കലയന്താനി ഇടവകാംഗവുമായ തുരുത്തിപ്പിള്ളിൽ ജോർജി അച്ചന്റെ മൃതശരീരത്തിങ്കൽ തെള്ളകം കപ്പൂച്ചിൻ വിദ്യാഭവനിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 • കല്ലൂർക്കാട് ഇടവക കോട്ടയ്ക്കൽ ജോർജ് ജോസഫിന്, കാരക്കുന്നേൽ കുടുംബാംഗങ്ങൾ നിർമ്മിച്ചു നൽകിയ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

14 • വാഴപ്പിള്ളി ഈസ്റ്റ് ഇടവകാംഗവും സലേഷ്യൻ സഭാംഗവുമായ ഡീ. മാത്യു വലിയകട്ടേലിന് വൈദികപട്ടം നൽകി.

- ബസ്ലേഹം, തേവർപാടം സണ്ണി മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- കോതമംഗലം രൂപതാവൈദികനും പുറപ്പുഴ ഇടവാകാംഗവുമായ ബഹു. കുര്യനാൽ ഇമ്മാനുവൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 • പൊന്നന്താനം, സെന്റ് പീറ്റർ & പോൾ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

- ചങ്ങനാശ്ശേരി, തലച്ചെല്ലൂർ റ്റി.ജെ. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16
- കടവൂർ ഇടവകാംഗങ്ങളായ മേമഠത്തിൽ റോയിസണും മൂഴിയിൽ ശ്രുതിയിലും തമ്മിലുള്ള വിവാഹം പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് ആശീർവദിച്ചു.
- നെല്ലിമറ്റം ഇടവക, നെല്ലിക്കുന്നേൽ എൽസി ജോസിന് ഓൾ കേരളാ പ്രൈവറ്റ് ബാങ്ക് അസോസിയേഷന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.
- കുത്തുങ്കൽ ഇടവകാംഗമായ ബ്ര. ആന്റണി കാളാംപറമ്പിലിന് മൈനർ സെമിനാരിയിൽ വച്ച് മ്ശംശാനപ്പട്ടം നൽകി.

17
- ബഹു. കണ്ണാത്തുകുഴിയിൽ ജോസഫ് അച്ചന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് പെരുമ്പല്ലൂർ സെന്റ് പയസ് X ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18
- നെല്ലിമറ്റം, കോയിക്കക്കുടി ജെസ്സി ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- മൂവാറ്റുപുഴ, നിർമ്മല കോളേജിലെ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

18
- മാറാടി, ചെളിക്കണ്ടത്തിൽ ബിജു-ലിൻസി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ പൗലോസിനു പ്രവേശക കൂദാശകൾ നൽകി.
- ജൂലൈ 18, 19 തീയതികളിൽ ആലുവ മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

19
- കോതമംഗലം, സെന്റ് ജോർജ്സ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന കാൻസർ ബോധവത്ക്കരണ സെമിനാറിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ച് സന്ദേശം നൽകി.
- കോതമംഗലം, മൗണ്ട് സീനായ് കാതോലിക്കേറ്റ് അരമനയിൽ നടന്ന യാക്കോബായ സഭ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ നവതി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ബാവായ്ക്ക് ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.





# BISHOP'S Engagements

## August 2018

| | | | | |
|---|---|---|---|---|
| 01 | Wed | Blessing of MSJ Convent Chapel | Njayappilly | 03.00 pm |
| 02 | Thu | Academic Year Inauguration | Pharmacy College Muvattupuzha | 10.30 am |
| 04 | Sat | Meeting | Pala | 10.30 am |
| | | Baptism | Muthalakodam | 12.00 noon |
| | | Theology Course | NESTT | 03.00 pm |
| | | Meeting | Minor Seminary | 05.30 pm |
| 05 | Sun | Pastoral Visit | Vettampara | |
| 07-11 | | KCBC | Mount St. Thomas, Kakkanad | |
| 12 | Sun | Pastoral Visit | Puliyanpara | |
| 13 | Mon | Presbyteral Council | Bishop's House | 03.00 pm |
| 14 | Tue | Seminar for Sacristians | NESTT | 10.00 am - 04.00 pm |
| | | Holy Qurbana, Platinum Jubilee | CMC Convent, Kallanickal | 11.00 am |
| 20-31 | | Synod | Mount St.Thomas, Kakkanad | |
| 26 | Sun | Holy Qurbana, Jesus Youth Convention | Nirmala College, Muvattupuzha | 11.30 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | ,, | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | ,, | 06-09-1956 |
| ഫാ. പോൾ മണ്ഡപം | ,, | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | ,, | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | ,, | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | ,, | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | ,, | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | ,, | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | ,, | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | ,, | 22-09-2013 |
| ഫാ. പീറ്റർ കിഴക്കേടത്ത് | ,, | 22-09-2016 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | ,, | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | ,, | 24-09-1998 |
| ഫാ. പൗലോസ് കാക്കനാട്ട് | ,, | 29-09-1975 |

## നിര്യാതരായി

### സി. പ്രൂഡൻസിയ സി.എം.സി. (റാത്തപ്പിള്ളി)

ഇടവക - കല്ലൂർക്കാട്
ജനനം - 09.12.1930
ആദ്യവ്രതം - 02.02.1954
നിത്യവ്രതം - 16.05.1958
മരണം - 29.05.2018
മൃതസംസ്കാരം - 31.05.2018 (വാഴക്കുളം മഠം)





### സി. ജോവാൻ സി.എം.സി. (പീടികയിൽ പുത്തൻപുരയ്ക്കൽ)

ഇടവക - ചങ്ങനാശ്ശേരി
ജനനം - 25.09.1938
ആദ്യവ്രതം - 15.04.1963
നിത്യവ്രതം - 15.04.1967
മരണം - 23.06.2018
മൃതസംസ്കാരം - 25.06.2018 (മൂവാറ്റുപുഴ പള്ളി)

### സി. ചാർലി സി.എം.സി. (തരണിയിൽ)

ഇടവക - അരിക്കുഴ
ജനനം - 01.02.1937
ആദ്യവ്രതം - 01.05.1961
നിത്യവ്രതം - 15.04.1967
മരണം - 06.07.2018
മൃതസംസ്കാരം - 07.07.2018 (ആരക്കുഴ മഠം)

### സി. ജൈസ എഫ്.സി.സി (പന്നാരക്കുന്നേൽ)

ഇടവക - പൈങ്ങോട്ടൂർ
ജനനം - 12.02.1964
ആദ്യവ്രതം - 01.05.1985
നിത്യവ്രതം - 21.05.1991
മരണം - 21.07.2018
മൃതസംസ്കാരം - 23.07.2018 (ഈസ്റ്റ് വാഴപ്പിള്ളി)